Web : www.keralapcb.org
Telephone/Fax : 0477-2235384

# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ജില്ലാ ഓഫീസ്, ആലപ്പുഴ

# KERALA STATE POLLUTION CONTROL BOARD
DISTRICT OFFICE, ALAPPUZHA

തോണ്ടൻകുളങ്ങര, തത്തംപള്ളി പി.ഒ., ആലപ്പുഴ - 688 013, Thondankulangara, THATHAMPALLY P.O., ALAPPUZHA - 688 013

In reply please refer to:- പിസിബി/എഎൽപി/സിജി-512/19 07.02.2019
CO No.18

സൂചന: 1) 05.12.2018 ൽ ബോർഡിൽ നിന്നും ലഭിച്ച പിസിബി/എഎൽപി/ഐസി-2517/ആർ2/18 നമ്പർ പ്രവർത്തനാനുമതി (പുതുക്കൽ).
2) 17.12.2018 ലെ ബഹു: ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി (സി) 41233/2017 (ഡി) നമ്പർ ഉത്തരവ്.
3) 01.02.2019 ൽ യൂണിറ്റിൽ നടത്തിയ പരിശോധന.

Kerala State Pollution Control Board
DISTRICT OFFICE, ALAPPUZHA
DESPATCHED ON 11/2/19

## യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്പ്പിക്കാനുള്ള ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ പ്രവർത്തിക്കുന്ന താങ്കളുടെ ഉടമസ്ഥതയിലുള്ള പീലിംഗ് ഷെഡ്ഡ് ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നതാണ്;

ടി സ്ഥാപനത്തിന് ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981, പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പ്രവർത്തിക്കുവാൻ ബാദ്ധ്യതയുള്ളതാണ്;

ടി സ്ഥാപനത്തിനെതിരെ സൂചന (2) പ്രകാരം പ്രവർത്തനം നിർത്തിവയ്ക്കാൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01.02.2019 ൽ പരിശോധന നടത്തിയപ്പോൾ മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താതെ അനധികൃതമായാണ് പ്രവർത്തിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ഇത് താങ്കൾക്ക് നൽകിയ സൂചന (1) പ്രകാരമുള്ള പ്രവർത്തനാനുമതിയിലെ വ്യവസ്ഥകളുടെ നഗ്നമായ ലംഘനമാണ്. സൂചന (2) ലെ

Scanned by CamScanner

ബഹു.ഹൈക്കോടതി വിധിപ്രകാരം മലിനജലം ജലസ്രോതസ്സുകളിലേക്ക് തള്ളുന്ന യൂണിറ്റുകളെ അടച്ചുപൂട്ടാൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981 സെക്ഷൻ 33(A), വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981 സെക്ഷൻ 31(A) എന്നിവ പ്രകാരം താങ്കളുടെ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുന്നതിന് ബോർഡ് ഉത്തരവാകുന്നു.

2019 ഫെബ്രുവരി മാസം 7-ാം തീയതി പുറപ്പെടുവിക്കുന്നത്

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു വേണ്ടി

എൻവയോൺമെന്റൽ എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ഫ്രാൻസിസ് സേവ്യർ,
പറയകാട് പി.ഒ.,
ചേർത്തല.

പകർപ്പ്: 1) സെക്രട്ടറി,
കുത്തിയതോട് ഗ്രാമപഞ്ചായത്ത്.
(സൂചന (1) പ്രകാരമുള്ള ബഹു: ഹൈക്കോടതി ഉത്തരവ് നടപ്പാക്കി എന്ന് ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.)

2) അസിസ്റ്റന്റ് എഞ്ചിനീയർ,
കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്,
കുത്തിയതോട് സെക്ഷൻ.
(ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981 സെക്ഷൻ 33(A), വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981 സെക്ഷൻ 31(A) എന്നിവ പ്രകാരം യൂണിറ്റിലേക്കുള്ള വൈദ്യുതി കണക്ഷൻ വിഛേദിക്കുക.)

Scanned by CamScanner